# സാമൂഹ്യ പ്രത്യാഘാത പഠനം
# തിരുവാലി 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം
## നിലമ്പൂർ താലൂക്ക്, തിരുവാലി വില്ലേജ്, മലപ്പുറം ജില്ല
## 199.92 സെന്റ്

**കരട് റിപ്പോർട്ട്**

**തീയതി : 30/11/2021**

റിക്വസിഷൻ അധികാരി
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(കെ.എസ്.ഇ.ബി. ലിമിറ്റഡ്)

**കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്**
**കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002**
**ഫോൺ : 0481 2572781, 2573875**
E-mail :keralavhs@yahoo.co.in
Web :www.keralavhs.org

KERALA VHS * COLLECTORATE P.O. * MULLANKUZHY KOTTAYAM-2

### സാമൂഹ്യ പ്രത്യാഘാത പഠനം
### തിരുവാലി 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം
### നിലമ്പൂർ താലൂക്ക്, തിരുവാലി വില്ലേജ്, മലപ്പുറം ജില്ല
### 199.92 സെന്റ്

**ആമുഖം - പദ്ധതിയും പൊതു ആവശ്യവും**

മലപ്പുറം ജില്ലയിലെ തിരുവാലി പഞ്ചായത്തും/ സമീപ പ്രദേശങ്ങളും വളരെ വേഗം വികസിച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങളാണ്. വ്യവസായ വകുപ്പിന്റെ കണക്കനുസരിച്ച് ഉദ്ദേശം ഇരുപത്തിയാറ് ചെറുകിട വ്യവസായിക യൂണിറ്റുകളാണ് 2018- 19 കാലഘട്ടത്തിൽ തിരുവാലി പ്രദേശത്ത് ആരംഭിക്കപ്പെട്ടത്. പ്രധാന പട്ടണങ്ങളായ കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോയമ്പത്തൂർ എന്നിവയുമായി സുഗമമായ ഗതാഗത സൗകര്യം, ജലലഭ്യത, ജനസാന്ദ്രത കുറവ് എന്നിവ തിരുവാലി പഞ്ചായത്തിനെ വ്യവസായ സൗഹൃദം ആക്കുന്ന ഘടകങ്ങളാണ്. കൂടാതെ കോട്ടയം ജില്ല കഴിഞ്ഞാൽ സംസ്ഥാനത്ത് വലിയ തോതിൽ റബ്ബർ ഉൽപ്പാദനം നടക്കുന്ന പ്രദേശവും തിരുവാലിയാണ്. കോയമ്പത്തൂർ, തിരുപ്പൂർ, ഈറോഡ് , സേലം എന്നീ വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ധാരാളമുള്ള പട്ടണങ്ങളുടെ ഉപഗ്രഹ പ്രദേശമായി തിരുവാലി അറിയപ്പെടാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ വൈദ്യുതിയുടെ കാര്യത്തിൽ ഇപ്പോഴും തിരുവാലി പ്രശ്നങ്ങൾ നേരിടുന്ന പ്രദേശമാണ്. കൂടിയ വൈദ്യുത ഉപയോഗം ഉള്ള സമയങ്ങളിൽ പലപ്പോഴും വ്യവസായ യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ വൈദ്യുതി ലഭ്യമാക്കാൻ കെ.എസ്.ഇ.ബി ക്ക് ബുദ്ധിമുട്ടുകൾ നേരിടുകയാണ്. ആയതിന്റെ പരിഹാരം എന്ന നിലയിലാണ് തിരുവാലിയിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ എന്ന നിർദ്ദേശം ചീഫ് എഞ്ചിനീയർ (ട്രാൻസ് മിഷൻ നോർത്ത്) മുന്നോട്ട് വയ്ക്കുകയും, വൈദ്യുതി ബോർഡും ഗവൺമെന്റും പ്രസ്തുത നിർദ്ദേശം അംഗീകരിച്ച് സബ്സ്റ്റേഷൻ സ്ഥാപിക്കാൻ അനുവാദം നൽകുകയും ചെയ്തത്. തുടർന്ന് ജനപ്രതിനിധികളും, നാട്ടുകാരും, ഉദ്യോഗസ്ഥരും കൂട്ടായി ഏതാനും സ്ഥലങ്ങൾ നിർദ്ദേശിക്കുകയും സാങ്കേതിക പരിശോധനയ്ക്ക് ശേഷം നിർദ്ദിഷ്ട സ്ഥലം ശുപാർശ ചെയ്യുകയും ചെയ്തത്. ഇപ്പോൾ നിലവിലുള്ള 66 കെ.വി.ലൈൻ കടന്നു പോകുന്ന വഴിയിലുള്ള സ്ഥലം എന്ന പ്രത്യേകതയും നിർദ്ദിഷ്ട സ്ഥലത്തിനുണ്ട്. അതുകൊണ്ട് തന്നെ പുതിയ ട്രാൻസ് മിഷൻ ലൈന്ോ ആവശ്യമില്ല. കൂടാതെ നിർദ്ദിഷ്ട സ്ഥലം, ഇലങ്കൂർ, നിലമ്പൂർ സബ്സ്റ്റേഷനുകൾക്ക് മദ്ധ്യേയുള്ള പ്രദേശം എന്നതും പ്രധാനപ്പെട്ടതാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് പദ്ധതി നിർദ്ദേശം, സ്ഥലം കണ്ടെത്തൽ എന്നിവയിലെല്ലാം ഒരു പ്രാദേശിക നേതൃത്വ പങ്കാളിത്തം ഉണ്ടായിട്ടുണ്ട് എന്നുള്ളതാണ്. അതുകൊണ്ട് തന്നെ പൊതുതാൽപ്പര്യ നിലവാരം ഉയർന്നത് എന്ന ഗണത്തിൽ പദ്ധതിയെ കണക്കാക്കാവുന്നതാണ്. ഗവൺമെന്റ് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരം, പുനസ്ഥാപനം, പുനരധിവാസം, സുതാര്യത 2013 നിയമ പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനത്തിന് പദ്ധതി വിധേയമാക്കിയത് ഈ കാര്യങ്ങൾ പരിഗണിച്ചാണ്. ഇതിന്റെ ഭാഗമായാണ് സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ കരട് റിപ്പോർട്ട് സമർപ്പിക്കുന്നത്.

KERALA VHS ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.

**പദ്ധതി പ്രദേശം**

തിരുവാലി പട്ടണത്തിൽ നിന്നും ഉദ്ദേശം രണ്ട് കിലോമീറ്റർ അകലെയായി ആണ് പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നത്. പൂർണ്ണമായും റബ്ബർ പ്ലാന്റേഷൻ മേഖലയായ പദ്ധതി പ്രദേശത്ത്, മറ്റ് കൃഷികളും ധാരാളമായുണ്ട്. പൊതുവേ ജനസാന്ദ്രത കുറഞ്ഞ പ്രദേശത്ത് ഒരു പ്രധാന വസ്ത്ര നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നു. അതുകൂടാതെ അനേകം ചെറുകിട വസ്ത്ര നിർമ്മാണ അനുബന്ധ യൂണിറ്റുകളും പദ്ധതി പ്രദേശത്ത് പ്രവർത്തിക്കുന്നു. മുസ്ലീങ്ങളും, ഹിന്ദുക്കളും തുല്യ പാദത്തിൽ വിന്യസിക്കപ്പെട്ടിരിക്കുന്ന പദ്ധതി പ്രദേശത്ത് ക്രിസ്ത്യൻ കുടിയേറ്റക്കാരും അധിവസിക്കുന്നു. നല്ല ജലലഭ്യതയുള്ള പദ്ധതി പ്രദേശം ജില്ലാ ആസ്ഥാനത്ത് നിന്ന് അമ്പത്തിരണ്ട് കിലോമീറ്റർ അകലെയാണ്. കരിപ്പൂർ ആണ് ഏറ്റവും അടുത്ത വിമാനത്താവളം.

**പദ്ധതി ബാധിതരുടെ വിവരങ്ങൾ**

രണ്ട് ഭൂഉടമസ്ഥരുടെ ഉടമസ്ഥാവകാശത്തിലുള്ള 199.92 സെന്റ് ഭൂമിയാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. ഭൂഉടമസ്ഥരിൽ ഒരാൾ പ്രവാസി മലയാളിയാണ്. ഏറ്റെടുക്കുന്ന വസ്തു സംബന്ധമായി അദ്ദേഹം മുക്തിയാർ നൽകിയിട്ടുണ്ട്. ഭൂഉടമസ്ഥനായ മറ്റൊരാൾ കൊല്ലം ജില്ലയിലെ ഓടനാവട്ടത്ത് താമസിക്കുന്നു. ഭൂഉടമസ്ഥർ പദ്ധതി പ്രദേശത്തോ, സമീപസ്ഥ സ്ഥലങ്ങളിലോ താമസിക്കുന്നില്ല എന്നതിനാൽ ഭൂമി ഏറ്റെടുക്കൽ അവരുടെ സാമൂഹ്യ-സാംസ്കാരിക- കുടുംബ ബന്ധങ്ങളെ ഒരു രീതിയിലും ബാധിക്കാൻ സാധ്യത ഇല്ല. കൂടാതെ ഏറ്റെടുക്കുന്ന ഭൂമി, ഭൂഉടമസ്ഥരുടെ നിത്യ വരുമാന സ്രോതസ്സല്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കൽ ഭൂഉടമസ്ഥരുടെ സാമ്പത്തിക സ്ഥിതിയെ മോശകരമായി ബാധിക്കാൻ സാധ്യത ഇല്ല. പദ്ധതി ബാധിതരായ ഭൂഉടമസ്ഥർ സാമൂഹ്യ -സാമ്പത്തിക മുന്നോക്കാവസ്ഥയിൽ ഉള്ളവരും ആണ്.

**ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.**

റബ്ബർ കൃഷി നടത്തിയിരുന്നതും, ഇപ്പോൾ തരിശായി കിടക്കുന്നതുമായ ഉദ്ദേശം ഒന്നര ഏക്കർ ഭൂമിയാണ് പദ്ധതി ഭൂമി. രണ്ട് പേരുടെ ഉടമസ്ഥതയിലുള്ള ഭൂമി ഇലകൂർ - നിലമ്പൂർ കെ.വി.ലൈൻ കടന്നു പോകുന്ന ഭൂമിയാണ്. തിരുവാലി - കമ്പനിപ്പടി റോഡിന്റെ സമീപത്ത് സ്ഥിതി ചെയ്യുന്ന ഭൂമി ജലലഭ്യതയുടെ കാര്യത്തിലും സ്വയം പര്യാപ്തമാണ്. പദ്ധതി ഭൂമിയുടെ ചുറ്റും റബ്ബർ പ്ലാന്റേഷൻ ആണ്. ഏതാനും കശുമാവ്, ചില പാഴ് മരങ്ങൾ എന്നിവ മാത്രമാണ് പദ്ധതി ഭൂമിയിൽ ഉള്ളത്.

**നടപ്പാക്കൽ ഏജൻസി**

കേരള സർക്കാർ ഉടമസ്ഥതയിൽ നടത്തുന്ന വൈദ്യുത ഉത്പാദന, പ്രസരണ, വിതരണ കമ്പനിയാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അഥവാ കെ.എസ്.ഇ.ബി. ലിമിറ്റഡ്.

KERALA V H S * COLLECTORATE * KOTTAYAM

1957 ൽ ആണ് കെ.എസ്.ഇ.ബി പ്രവർത്തനം തുടങ്ങിയത്. കെ.പി. ശ്രീധരകൈമൾ ചെയർമാനായി അഞ്ച് മെമ്പർമാരുടെ സഹകരണത്തോടെയാണ് കമ്പനിയുടെ തുടക്കം. തിരുക്കൊച്ചിയിലെ വൈദ്യുതി വകുപ്പിലെ ഉദ്യോഗസ്ഥരെയാണ് പിന്നീട് കെ.എസ്.ഇ.ബിയിലേക്ക് മാറ്റിയത്. 2014 ഓഗസ്റ്റിൽ വൈദ്യുതി ബോർഡിനെ ലിമിറ്റഡ്എന്ന കമ്പനിയാക്കി മാറ്റി. 1958 ൽ തുടക്കക്കാലത്ത് 109.5 മെഗാവാട്ട് വൈദ്യുതിയുമായാണ് ബോർഡ് പ്രവർത്തനം തുടങ്ങിയത്. പിന്നീട് ആവശ്യകത ഉയർന്നപ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി കടംവാങ്ങാൻ തുടങ്ങി. ഇന്നിപ്പോൾ ബോർഡിന് ധാരാളം ജലവൈദ്യുത പദ്ധതികളുണ്ട്. 2008 ലെ കണക്കു പ്രകാരം 2657.24 മെഗാവാട്ട് വൈദ്യുതി ബോർഡ് വിവിധ പദ്ധതികളിലൂടെ ഉദ്പാദിപ്പിക്കുന്നുണ്ട്. ഏതാണ്ട് 91,59,399 ഉപയോക്താക്കൾ നിലവിലുണ്ട്.

2012 മാർച്ച് 31ലെ കണക്കു പ്രകാരം 2874.79 മെഗാവാട്ട് ആണ് കെ.എസ്.ഇ.ബി.യുടെ മൊത്തം സ്ഥാപിതശേഷി. എന്നാൽ ഇതിൽ സംഭരണാവശ്യത്തിനുള്ള ചെറുകിട നിലയങ്ങളും അന്യസംസ്ഥാനങ്ങളിൽ കെ.എസ്.ഇ.ബി.യ്ക്ക് അവകാശപ്പെട്ട പദ്ധതിവിഹിതങ്ങളും ഉൾപ്പെടുന്നു.

നിലവിൽ എട്ടു ജലവൈദ്യുത പദ്ധതികൾ നിർമ്മാണത്തിലും 37 ജലവൈദ്യുത പദ്ധതികൾ പ്ലാൻ ചെയ്തിട്ടുമുണ്ട്.

കെ.എസ്. ഇ. ബി.യുടെ കീഴിൽ പ്രസരണാവശ്യങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ളത് 400 കെ.വി, 220കെ.വി, 110കെ.വി, 66കെ.വി, 33കെ.വി എന്നീ വൈദ്യുത തീവ്രതകളുള്ള സബ്സ്റ്റേഷനുകളാണ്. ഇവ കൂടാതെ, അതതുപ്രദേശങ്ങളിലെ വിതരണത്തിനായി 11 കെ.വി സബ്സ്റ്റേഷനുകൾ (ട്രാൻസ്ഫോർമറുകൾ) കൂടിയുണ്ട്.

## ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ, എൽ.എ., ജനറൽ മലപ്പുറം ആണ് നിലമ്പൂർ താലൂക്കിൽ തിരു വാലി വില്ലേജിൽ തിരുവാലി 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണ പദ്ധതിയുടെ ഭൂമി ഏറ്റെ ടുക്കൽ നടപടിക്രമങ്ങൾ നടത്തുന്നത്.

## സാമൂഹിക പ്രത്യാഘാതം

ഉഭയസമ്മത പ്രകാരം ഉള്ള ഭൂമി ഏറ്റെടുക്കൽ നടപടി ആയതുകൊണ്ട് തന്നെ പദ്ധതിയുടെ പ്രത്യാഘാതം വളരെ ലഘുവായത് എന്ന് കണക്കാക്കാവുന്നതാണ്. കൂടാതെ യാതൊരു വിധ ചമയങ്ങളും നഷ്ടപ്പെടുന്നില്ല എന്നതും പ്രത്യാഘാതം ഇല്ലാതാക്കുന്ന ഘടകമാണ്. രണ്ട് കുടുംബങ്ങളിലെ മൂന്ന് ഭൂ ഉടമസ്ഥർക്ക് ഉണ്ടാവുന്ന ഭൂമി നഷ്ടമാണ് പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാതം. എന്നാൽ പദ്ധതി ഭൂമി 2019 - ൽ കണ്ടെത്തിയതാണ് എന്ന യാഥാർത്ഥ്യം കണക്കാക്കുമ്പോൾ പദ്ധതിയുടെ നടപ്പാക്കൽ താമസം പദ്ധതി ബാധിതർക്ക് ഉണ്ടാക്കിയ പ്രത്യാഘാതങ്ങളെ ഭൂമി ഏറ്റെടുക്കലിന്റെ പ്രത്യാഘാതം എന്ന് കണക്കാക്കാവുന്നതാണ്. പദ്ധതി, പദ്ധതിപ്രദേശത്തിന്റെ സമഗ്രവികസനത്തിന്

കാരണമാവും. അനേകം ചെറുതും വലുതുമായ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്ന തിരുവാലി പ്രദേശത്ത് ഇപ്പോഴുള്ള വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും ഇപ്പോഴുള്ള യൂണിറ്റുകൾക്ക് കൂടുതൽ ഉത്പാദനം സാധ്യമാക്കുന്നതിനും സഹായകരമാണ്.

**സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

പദ്ധതി ഭൂമിയിൽ ചമയങ്ങളൊ, കൃഷിയോ ഇല്ല എന്നതും, ഉഭയസമ്മതത്തോടെ ഉള്ള ഭൂമി ഏറ്റെടുക്കൽ ആണ് എന്നതും, പദ്ധതിയുടെ പ്രത്യാഘാതം തുലോം ലഘുവാണ് എന്ന് കണക്കാക്കുന്നതിന് സഹായകരമാണ്. എന്നാൽ പദ്ധതിയുടെ കാലതാമസം പദ്ധതി ബാധിതരിൽ ഭൂമിയുടെ ഉപയോഗം സംബന്ധമായി അനിശ്ചിതത്വം സൃഷ്ടിക്കുകയുണ്ടായി. അതുകൊണ്ടു തന്നെ സമയ ബന്ധിതമായ ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ പ്രത്യാഘാത ലഘുകരണ നടപടിയിൽ പ്രധാനമാണ്. ഭൂമി ഏറ്റെടുക്കലിലൂടെ ഭൂ ഉടമസ്ഥർക്ക് അവരുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ മാറ്റങ്ങൾ ഉണ്ടാകുന്നില്ല എന്നതും പ്രത്യാഘാത നിർണ്ണയത്തെ സ്വാധീനിക്കുന്ന ഘടകമാണ്.

പദ്ധതി ഭൂമിയുടെ കണ്ടെത്തലിൽ തദ്ദേശീയമായ ഇടപെടലുകളും, നേതൃത്വവും ഉണ്ടായിട്ടുണ്ട് കൂടാതെ ജനപ്രതിനിധികൾ, കെ.എസ്. ഇ.ബി. ഉദ്യോഗസ്ഥർ എന്നിവരും പദ്ധതിഭൂമി കണ്ടെത്തുന്നതിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിൽ ശ്രദ്ധിച്ചിരുന്നു അതുകൊണ്ടു തന്നെ പദ്ധതിയുടെ പൊതു താത്പര്യം വളരെ ഉയർന്നത് എന്നും, പദ്ധതി സംബന്ധമായ ബദൽ നിർദ്ദേശങ്ങൾ സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കി എന്നും കണക്കാക്കാവുന്നതാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് ശരിയായ നഷ്ട പരിഹാരം, നടപടികളുടെ സമയ ബന്ധിത പൂർത്തീകരണം എന്നിവയിലൂടെ ഭൂഉടമസ്ഥരുടെ പ്രത്യാഘാതം വളരെ കുറയ്ക്കുന്നതിനും പദ്ധതിയുടെ നടപ്പാക്കലിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സാധിക്കും എന്നാണ്. അതുകൊണ്ട് തന്നെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരം, പുനരധിവാസം, പുനർവാസം സുതാര്യത നിയമം 2013, തുടർ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികളിലൂടെ ഗവൺമെന്റിന് മുന്നോട്ട് പോകാവുന്നതാണ്.

സാജു വി.ഇട്ടി
ചെയർമാൻ
സാമൂഹ്യ പ്രത്യാഘാത യൂണിറ്റ്

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

**അനുബന്ധരേഖകൾ**

1. പദ്ധതി ബാധിതന്റെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. ഗസറ്റ് നോട്ടിഫിക്കേഷൻ

അനുബന്ധം - 1

## 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം

## തിരുവാലി വില്ലേജ്, നിലമ്പൂർ താലൂക്ക്, മലപ്പുറം ജില്ല

## പദ്ധതി ബാധിതന്റെ പേര് വിവരങ്ങൾ

| ക്രമ നം. | സർവ്വേ /നമ്പർ | പേരും മേൽവിലാസവും | ഫോൺ നമ്പർ | ബാധിക്കപ്പെടുന്ന വസ്തുവിന്റെ വിവരണം |
|---|---|---|---|---|
| 1 | 156/15,<br>156/17-1 | സോജൻ വർഗ്ഗീസ്, s/o. വർഗ്ഗീസ് കെ.വി. കിഴക്കേ വീട്ടിൽ, പുത്തൻ ബംഗ്ളാവ് , വിലയന്തൂർ,, ഓടനാവട്ടം പി.ഒ. കൊട്ടാരക്കര<br><br>ഹെപ്സൺ പണിക്കർ, s/o. ഗീവർഗ്ഗീസ് പണിക്കർ, തെക്കേപുരയിൽ, ഷാലാം ഹൗസ്, ഹെപ്സി വില്ല, കുണ്ടറ പി.ഒ. കൊല്ലം | 9447442912<br><br>8547992165<br>8921968029 | വസ്തു |

KERALA * COLLECTORATE P.O.

അനുബന്ധം - 2

# PHOTOGRAPHS














KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2021 നവംബർ 08<br>08th November 2021<br>1197 തുലാം 23<br>23rd Thulam 1197<br>1943 കാർത്തികം 17<br>17th Karthika 1943 | നമ്പർ<br>No. | 3261 |

FORM 16

(See Rule 79)

NOTIFICATION UNDER SECTION 6 OF THE KERALA SURVEY AND BOUNDRIES ACT, 1961

Ref. C-267/2021 Dated :- *27 October 2021*

Whereas the Government have directed the survey of lands comprised in the survey numbers noted below, it is hereby notified under sub section 1 of section 6 of Kerala Survey and boundaries Act, 1961 that survey operation will be started in the villages soon and the survey numbers of the above said village noted below will be demarcated and surveyed; and that every

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Scanned by CamScanner

persons claiming to be interested in the registered land situated within or adjoining the above mentioned lands is hereby invited to attend immediately either in person or by agent on the surveyor employed in the locality and also from time to time when called upon for the purpose of pointing out the boundaries and supplying information in connection therewith.

Under sub section (2) of Section 6 of the said Act, this notification shall be held to be a valid notice to every person having any interest in the above lands.

Under sub section (3) of section 6 of the above said Act all the registered holders are hereby required:-

(a) to clear within 15 days by cutting down or removing any trees, jungle, fences, standing crops or other material obstruction. boundaries or other lines, the clearance of which may be necessary for the purpose of survey, and

(b) to provide labour at such time for such periods as may from time to time be required by furnishing flag holders and chainman, and

(c) to provide suitable survey marks and otherwise to give such assistance in the survey as may be demanded under the said Act or the rules made thereunder.

If any person fails to comply with these requisition under clauses (a) (c) mentioned above, the work will be got done by employing hired labour and the cost thereof will be recovered from the defaulter as provided in the Act and rules made there under.

**Details of lands**

| District | Taluk | Village | Block | Survey Numbers |
|---|---|---|---|---|
| Malappuram | Nilambur | Thiruvali | 75 | 156 , 156 |

(sd/-)
Special Tahsildar
LA (General), Malappuram

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.11.08 03:03:58 +05

Scanned by CamScanner

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 നവംബർ 16<br>16th November 2021<br>1197 വൃശ്ചികം 1<br>1st Vrischikam 1197<br>1943 കാർത്തികം 25<br>25th Karthika 1943 | നമ്പർ<br>No. | 3385 |

## ERRATUM NOTIFICATION

C-267/2021 11 /11/2021

It is hereby notified that the Survey Number mentioned in the fifth column of the second row of the table existing at the bottom of the Kerala Gazette Extra Ordinary (Vol.10) No. 3261 dated 08/11/2021 (Notification Under Section 6 of the Kerala Survey and Boundaries Act 1961, Reference No. C-267/2021, dated: 27/10/2021) may be correctly read as "156" instead of "156, 156".

The above said Notification stands modified upto this extent.

(Sd/-)

Special Tahsildar

LA (General), Malappuram

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.11.16 02 27 07 +05

Scanned by CamScanner